സഹകരണ റിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കാൻ നടപടി

15 (*615) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ റിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സഹകരണ റിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) റിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ-സി) സഹകരണ റിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തരപ്രാധാന്യമുള്ള പരാതികളിൽപ്പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ നീണ്ടുനിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസ്സുകളിൽനിന്നും വിഭിന്നമാകയാൽ സഹകരണ വകുപ്പിലെ പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ നടത്തുന്ന സ്റ്റാറ്റ്യൂട്ടറി അന്വേഷണം/പരിശോധന കൊണ്ടുമാത്രമേ അത്തരം ക്രമക്കേടുകളും അഴിമതിയും തടയാൻ കഴിയുകയുള്ളൂ എന്നതിനാലും പോലീസ് വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാർ ഇപ്പോൾ നടത്തുന്ന അന്വേഷണമല്ല, മറിച്ച് സഹകരണ നിയമങ്ങളും ചട്ടങ്ങളും പാലിച്ചാണോ സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ ഇടപാട് നടത്തുന്നത് എന്നത് സംബന്ധിച്ചുള്ള പരിശോധനയാണ് റിജിലൻസ് വിംഗ് നടത്തേണ്ടത് എന്നതിനാലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെമാത്രം ഉൾപ്പെടുത്തി സഹകരണ റിജിലൻസ് വിംഗ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly